➪ *അങ്ങനെയാണ് നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ എന്ന പരിഹാരത്തിലേക്ക് എത്തിച്ചേർന്നത്* ➪

# ജലചൂഷണമായിരുന്നില്ല പ്ലാച്ചിമടയിലെ പ്രശ്നം

ജലത്തിന്റെ അധികാരവുമായി ബന്ധപ്പെട്ട പ്രശ്നമായി സമരത്തെ വികസിപ്പിക്കുന്നതിന് പകരം നഷ്ടപരിഹാരം വാങ്ങുന്നതിനുള്ള പ്രശ്നമായി പ്ലാച്ചിമട ചുരുക്കപ്പെട്ടിരിക്കുന്നു. ജലത്തിന്റെ മുകളിൽ ആർക്കാണ് അധികാരം എന്നതും, കൊക്കക്കോളയുടെ ക്രിമിനൽ ബാധ്യതയുമാണ് പ്ലാച്ചിമടയിൽ ഉന്നയിക്കപ്പെടേണ്ട പ്രധാന വിഷയങ്ങളെന്ന്

**സി.ആർ. ബിജോയ്**

2013 സെപ്തംബർ 2ന് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിനെക്കുറിച്ച് തൃശൂർ ഗവ. ലോ കോളേജിൽ വച്ച് നടന്ന സെമിനാറിൽ നടത്തിയ പ്രഭാഷണം.

**എന്തുകൊണ്ടാണ്** പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ എന്ന കേന്ദ്രബിന്ദുവിലേക്ക് പ്ലാച്ചിമട സമരം എത്തിച്ചേർന്നത്? ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കുക എന്നത് മാത്രമായിരുന്നോ പ്ലാച്ചിമടക്ക് നീതി ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗം? കൊക്കക്കോളയെ ശിക്ഷിക്കുന്നതിനും അവർ വരുത്തിയ നാശങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കുന്നതിനും ഇവിടെ മറ്റ് നിയമങ്ങളൊന്നും ഉണ്ടായിരുന്നില്ലേ? ഉണ്ട്. ഞാൻ അതിന്റെ ലിസ്റ്റ് പറയാം. വാട്ടർ പ്രിവൻഷൻ ആൻഡ് പൊല്യൂഷൻ കൺട്രോൾ ആക്ട് - 1972, എൻവിയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് - 1986, ഫാക്ടറീസ് ആക്ട് - 1948, ഹസാർഡസ് വെയ്സ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ് ആക്ട് - 1989, കേരള ഗ്രൗണ്ട്വാട്ടർ കൺട്രോൾ ആന്റ് റഗുലേഷൻ ആക്ട് - 2002, എസ്.സി/എസ്.ടി ആക്ട് - 1989, ഐ.പി.സി ലാന്റ് ഇപ്ലിക്കേഷൻ ഓർഡർ - 1967, ഇന്ത്യൻ ഈസ്മെന്റ് ആക്ട് - 1882, പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് ആക്ട് - 1991, ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് - 2002 തുടങ്ങിയ നിയമങ്ങളിലൂടെയെല്ലാം കൊക്കക്കോളയെ അവർ ചെയ്ത നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ ശിക്ഷിക്കുന്നതിനും ഇരകളായവർക്ക് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിനും കഴിയുമായിരുന്നു. അന്വേഷിച്ചാൽ ഇനിയും ഇത്തരം നിയമസാധ്യതകൾ കണ്ടെത്താൻ കഴിയും. എന്നാൽ നിലവിലുള്ള ഈ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കൊക്കക്കോളയ്ക്കെതിരെ സർക്കാറിനെക്കൊണ്ട് നടപടിയെടുപ്പിക്കുന്നതിൽ കേരള ജനതയും രാഷ്ട്രീയ പാർട്ടികളും പരാജയപ്പെട്ടു. അങ്ങനെയാണ് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ എന്ന പരിഹാരത്തിലേക്ക് സമരം എത്തിച്ചേർന്നത്.

**എന്താണ് പ്ലാച്ചിമടയിലെ പ്രശ്നം?**

പ്ലാച്ചിമടയെക്കുറിച്ച് പൊതുവെയുള്ള ധാരണ കൊക്കക്കോള വെള്ളം ഊറ്റിക്കുടിച്ചതാണ് അവിടെയുള്ള പ്രശ്നം എന്നതാണ്. പുറത്ത് പ്ലാച്ചിമടയെക്കുറിച്ച് പ്രചരിക്കപ്പെട്ടതും അത്തരത്തിലുള്ള വാർത്തകളാണ്. എന്നാൽ എന്താണ് പ്രശ്നമെന്ന് പ്ലാച്ചിമടക്കാരോട് ചോദിച്ചപ്പോഴെല്ലാം അവർ വെള്ളം ഉയർത്തികാണിച്ചുകൊണ്ട്, ഈ വെള്ളം ഞങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നാണ് പറഞ്ഞിരുന്നത്. പ്ലാച്ചിമട പ്രശ്നം എന്താണ് എന്നതിനെക്കുറിച്ച് ഒരു ധാരണാപിശക് എവിടെയോ സംഭവിച്ചിട്ടുണ്ട്. പ്ലാച്ചിമടയിലെ ജനങ്ങൾ ഉന്നയിച്ച പ്രാഥമികമായ പ്രശ്നമായിരു

⇨ *അവരുടെ ആ ചോദ്യത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ബാധ്യത കേരള സമൂഹത്തിനുണ്ടായിരുന്നു* ⇨



അവർ പറഞ്ഞുപരത്തി. അവയെല്ലാം അതിജീവിച്ച് സമരം മുന്നോട്ട് പോയ ശേഷമാണ് മാധ്യമങ്ങളെല്ലാം സമരത്തെ പിന്തുണച്ചുകൊണ്ടുള്ള നിലപാടെടുത്ത് തുടങ്ങിയത്. തുടക്കത്തിൽ അവരും കൊക്കക്കോളയ്ക്കൊപ്പമായിരുന്നു.

സമരം ശക്തമായതോടെ പഞ്ചായത്തിന് നിലപാടെടുക്കേണ്ടതായിവന്നു. കേരള പഞ്ചായത്തീരാജ് ആക്ട് പ്രകാരം തങ്ങളുടെ പരിധിയിൽ വരുന്ന വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം അതാത് പഞ്ചായത്തുകൾക്കാണ്. അതിന്റെ അടിസ്ഥാനത്തിൽ പെ

ന്നില്ല പുറത്ത് ഉയർത്തികാണിക്കപ്പെട്ടതും ചർച്ച ചെയ്യപ്പെട്ടതും. പ്ലാച്ചിമടയ്ക്ക് പുറത്ത് എപ്പോഴും വിഷയം ജലചൂഷണമായിരുന്നു.

ജലത്തിന്റെ മേലുള്ള അധികാരം ആർക്കാണ് എന്നതാണ്  പ്ലാച്ചിമടയിലെ പ്രധാന ചോദ്യം. ജലവുമായി ബന്ധപ്പെട്ട ഭരണ നിർവ്വഹണ സംവിധാനങ്ങളെല്ലാം അവിടെ പരാജയപ്പെട്ടു. പ്ലാച്ചിമടക്കാർ അതിനോട് പ്രതികരിച്ചു. ചെയ്യാവുന്നതിനേക്കാൾ കൂടുതൽ അവർ ചെയ്തു. ജലത്തിന്റെ അധികാരം ആർക്കാണ് എന്ന അവരുടെ ചോദ്യത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ബാധ്യത കേരള സമൂഹത്തിനുണ്ടായിരുന്നു. നമ്മൾ അത് വേണ്ടവിധം മുന്നോട്ട് കൊണ്ടുപോകാതെ പന്ത് വീണ്ടും പ്ലാച്ചിമടക്കാരുടെ കോർട്ടിലേക്ക് ഇട്ടുകൊടുത്തു. ജലത്തിന്റെ അധികാരവുമായി ബന്ധപ്പെട്ട പ്രശ്നമായി സമരത്തെ വികസിപ്പിക്കുന്നതിനുപകരം നഷ്ടപരിഹാരം വാങ്ങുന്നതിനുള്ള പ്രശ്നമായി അതിനെ ചുരുക്കിയിരിക്കുകയാണ്. ജലത്തിന്റെ മുകളിൽ ആർക്കാണ് അധികാരം എന്നതും, കൊക്കക്കോളയുടെ ക്രിമിനൽ ബാധ്യതയും ആണ് പ്ലാച്ചിമടയിൽ ഉന്നയിക്കപ്പെടേണ്ട പ്രധാന വിഷയങ്ങൾ. ഇവ രണ്ടും തള്ളിക്കളഞ്ഞുകൊണ്ടുള്ള പ്രതികരണങ്ങളാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനോട് നമ്മൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

2000ൽ പ്രവർത്തനമാരംഭിച്ച് കൊക്കക്കോളയ്ക്കെതിരെ 2002ൽ തന്നെ ജനങ്ങൾ സമരം തുടങ്ങിയിരുന്നു. സമരം തുടങ്ങിയ സമയത്ത് കേരള സർക്കാറും പെരുമാട്ടി പഞ്ചായത്തും ഉൾപ്പെടെയുള്ള ഭരണസ്ഥാപനങ്ങൾ കൊക്കക്കോള തെറ്റൊന്നും ചെയ്തിട്ടില്ലെന്നാണ് പറഞ്ഞിരുന്നത്. സമരത്തിന് പിന്നിൽ മറ്റെന്തോ രാഷ്ട്രീയമാണുള്ളതെന്ന്

രുമാട്ടി പഞ്ചായത്ത് കൊക്കക്കോളയ്ക്ക് ലൈസൻസ് പുതിക്കി നൽകില്ലെന്ന് തീരുമാനമെടുത്തു. കൊക്കക്കോള, ആ തീരുമാനത്തിനെതിരെ കോടതിയെ സമീപിച്ചു. തദ്ദേശസ്വയംഭരണ വകുപ്പാണ് ഇത് സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് എന്നാണ് കോടതി പറഞ്ഞത്. പഞ്ചായത്ത് അവരുടെ അധികാരപരിധി വിട്ട് തീരുമാനമെടുത്തത് ശരിയായില്ല എന്നതായിരുന്നു തദ്ദേശസ്വയംഭരണ വകുപ്പിന്റെ പക്ഷം. തങ്ങളുടെ അധികാരത്തിൽ കൈകടത്തുന്നതിനെതിരെ പഞ്ചായത്ത് വീണ്ടും കോടതിയെ സമീപിച്ചു. ഭൂഗർഭജലത്തിന്റെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടെന്ന് ഹൈക്കോടതി ഏകാംഗ ബഞ്ച് അംഗീകരിച്ചു. എന്നാൽ  പഞ്ചായത്തിന് തീരുമാനമെടുക്കാനുള്ള ശാസ്ത്രീയമായ വൈദഗ്ധ്യമില്ലാത്തതിനാൽ ഒരു വിദഗ്ധസമിതി പഠിച്ച ശേഷം വിഷയത്തിൽ തീരുമാനമെടുക്കാമെന്ന് കോടതി പറഞ്ഞു. ആ തീരുമാനപ്രകാരം ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതി (സി.ഡബ്ല്യു.ആർ.ഡി.എം) ജലചൂഷണത്തെക്കുറിച്ച് പഠിച്ചു. കൊക്കക്കോളയ്ക്ക് ദിവസവും അഞ്ച് ലക്ഷം ലിറ്റർ വെള്ളം വരെ എടുക്കാൻ കഴിയുമെന്നാണ് അവരുടെ പഠന റിപ്പോർട്ട് പറഞ്ഞത്.  ആ നിബന്ധനയിൽ നിന്നുകൊണ്ട് ലൈസൻസ് നൽകാൻ കോടതി ആവശ്യപ്പെട്ടു. എന്നാൽ പഞ്ചായത്ത് അതിനുപുറമെ മറ്റുചില നിബന്ധകൾ കൂടി ഉൾപ്പെടുത്തിയാണ് ലൈസൻസ് പുതിക്കി നൽകിയത്. കൊക്കക്കോളയ്ക്ക് ആ നിബന്ധനകൾ സ്വീകാര്യമായിരുന്നില്ല. അവർ വീണ്ടും ഹൈക്കോടതിയെ സമീപിച്ചു. നിയമ വടംവലികൾക്കൊടുവിൽ, ഒരാഴ്ചയ്ക്കകം പഞ്ചായത്ത് ലൈസൻസ് പുതിക്കി നൽ

കണമെന്നും സമയോചിതമായി നൽകിയില്ലെങ്കിൽ ലൈസൻസ് പുതുക്കിയതായി കരുതി കൊക്കക്കോളയ്ക്ക് പ്രവർത്തിക്കാമെന്നും ഡിവിഷൻ ബഞ്ച് ഉത്തരിവിടുന്നു. നിവൃത്തിയില്ലാതെ പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകി. ഈ കേസുകളിലൊന്നും കൊക്കക്കോള സൃഷ്ടിച്ച മലിനീകരണ പ്രശ്നം കോടതിയുടെ മുന്നിൽ എത്തിയതേയില്ല. പഞ്ചായത്തിന്റെ അധികാരത്തെ സംബന്ധിച്ച പ്രസ്തുത കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ മുന്നിലാണുള്ളത്.

പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡ് ലൈസൻസ് പുതുക്കാൻ തയ്യാറായില്ല. അതോടെയാണ് കൊക്കക്കോളയ്ക്ക് പ്രവർത്തിക്കാൻ കഴിയാതെ വന്നത്. അപേക്ഷ അപൂർണ്ണമാണെന്ന് പറഞ്ഞുകൊണ്ടാണ് പി.സി.ബി ലൈസൻസ് നൽകാതിരുന്നത്. കൊക്കക്കോളയുടെ മാലിന്യത്തിൽ ലെഡ്, കാഡ്മിയം തുടങ്ങിയ ഖരമാലിന്യങ്ങളുണ്ടെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഉത്പാദന പ്രക്രിയയിൽ ഖനലോഹങ്ങൾ ഉള്ളതായി കോള പറയുന്നില്ല. ഹസാർഡസ് ഇൻപുട്ട് ഉണ്ടെങ്കിൽ അത് അപേക്ഷയിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതുണ്ട്. കൊക്കക്കോളയുടെ അപേക്ഷയിൽ അതു സൂചിപ്പിക്കാത്തതിനാലാണ് പി.സി.ബി അപേക്ഷ തള്ളിയത്. വളരെ സാങ്കേതികമായ ഒരു കാര്യത്തിന്റെ പുറത്താണ് കൊക്കക്കോള കമ്പനി പൂട്ടിയത്.

> കേസിന് ആസ്പദമായ സംഭവമുണ്ടായി അഞ്ച് വർഷത്തിനുള്ളിൽ മാത്രമെ നിങ്ങൾക്ക് ഹരിത ട്രിബ്യൂണലിനെ സമീപിക്കാൻ കഴിയൂ. പ്ലാച്ചിമട സമരം തുടങ്ങുന്നത് 2002ലാണ്. ഹരിത ട്രിബ്യൂണൽ രൂപീകൃതമാകുന്നത് 2012ലും. പ്ലാച്ചിമട കേസ് ഹരിത ട്രിബ്യൂണലിന് പരിഗണിക്കാൻ കഴിയില്ലെന്നത് വളരെ വ്യക്തമാണ്

പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ കേരള ഭൂജല വകുപ്പ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. എന്നാൽ അവർ അതിന് തയ്യാറായില്ല. താഴ്ന്നതലത്തിലുള്ള ഉദ്യോഗസ്ഥരുടെ കമ്മിറ്റിയല്ല, ഉന്നതല കമ്മിറ്റിയാണ് വേണ്ടതെന്ന് അവർ പറഞ്ഞു. അങ്ങനെയാണ് കെ. ജയകുമാർ അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയെ സർക്കാർ നിയോഗിച്ചത്. പ്ലാച്ചിമടയിലെ പ്രശ്നങ്ങൾ എന്താണ്? അതിന്റെ തോത് നിർണ്ണയിക്കുക, ജനങ്ങൾക്കുണ്ടായ നഷ്ടം കണക്കാക്കുക എന്നിവയായിരുന്നു ഉന്നതാധികര സമിതിക്ക് നൽകിയ ടേംസ് ഓഫ് റഫറൻസ്. സാങ്കേതികമായൊരു പഠനമാണ് അവരോട് നടത്താൻ ആവശ്യപ്പെട്ടത്. എന്നാൽ അവർ ജനങ്ങളോട് തങ്ങൾക്കുണ്ടായ നഷ്ടത്തിന്റെ ക്ലെയിം തരാൻ സമർപ്പിക്കാൻ ആവശ്യപ്പെടുകയാണ് ചെയ്തത്. ആ ക്ലെയിമുകളുടെ അടിസ്ഥാനത്തിലാണ് 216 കോടി രൂപയുടെ നഷ്ടം കണക്കാക്കിയത്. നഷ്ടപരിഹാരം കൊക്കക്കോളയിൽ നിന്നും ഈടാക്കുന്നതിനുള്ള നിയമസംവിധാനമാണ് സമിതിയുടെ പ്രധാന നിർദ്ദേശം.

എന്നാൽ, 1986ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഇക്കോളജിക്കൽ അതോറിറ്റി രൂപീകരിച്ച് നഷ്ടപരിഹാരം ഈടാക്കുകയായിരുന്നു കുറച്ചുകൂടി മെച്ചപ്പെട്ട നടപടി. സംസ്ഥാനങ്ങൾക്ക് അത്തരത്തിലൊരു അതോറിറ്റി രൂപീകരിക്കാൻ കേന്ദ്രത്തിനോട് ആവശ്യപ്പെടാൻ കഴിയും. കൊക്കക്കോളയ്ക്ക് മാത്രമല്ല, കേരളത്തിലെ എല്ലാ വ്യാവസായിക മലിനീകരണ പ്രശ്നത്തിനുമായി പൊതുവായ ഒരു ഇക്കോളജിക്കൽ അതോറിറ്റി രൂപീകരിക്കുന്നതിനായി ശ്രമിക്കുകയായിരുന്നു നല്ലത്. തമിഴ്നാട്ടിൽ അത്തരത്തിൽ ഇക്കോളജിക്കൽ അതോറിറ്റി വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. വലിയ തോതിൽ മലിനീകരണമുണ്ടാക്കിയിരുന്ന വെല്ലൂരിലും തിരുപ്പൂരിലുമുള്ള പല ഫാക്ടറികളും അടച്ചുപൂട്ടിയതും ഇരകൾക്ക് നഷ്ടപരിഹാരം നൽകിയതും ഇക്കോളജിക്കൽ അതോറിറ്റിയിലൂടെയായിരുന്നു.

എന്തായാലും പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ പാസായി. പക്ഷെ ഇപ്പോഴും പല തടസങ്ങളിലും കുടുങ്ങിക്കിടന്ന് അതിനിയും നിയമമായിട്ടില്ല. ശരിക്കും തടസ്സങ്ങളൊന്നും ഉന്നയിക്കേണ്ട കാര്യമില്ല. ദേശീയ ഹരിത ട്രിബ്യൂണൽ രൂപീകൃതമായതിനാൽ ഇത്തരം നഷ്ടപരിഹാര കേസുകളെല്ലാം അവിടെയാണ് പരിഗണിക്കേണ്ടത് എന്നതാണ് ഉന്നയിക്കപ്പെടുന്ന ഒരു തടസ്സം. അത് തെറ്റാണ്. കേസിന് ആസ്പദമായ സംഭവമുണ്ടായി അഞ്ച് വർഷത്തിനുള്ളിൽ മാത്രമെ നിങ്ങൾക്ക് ഹരിത ട്രിബ്യൂണലിനെ സമീപിക്കാൻ കഴിയൂ. പ്ലാച്ചിമട സമരം തുടങ്ങുന്നത് 2002ലാണ്. ഹരിത ട്രിബ്യൂണൽ രൂപീകൃതമാകുന്നത് 2012ലും. പ്ലാച്ചിമട കേസ് ഹരിത ട്രിബ്യൂണലിന് പരിഗണിക്കാൻ കഴിയില്ലെന്നത് വളരെ വ്യക്തമാണ്. കേരള സർക്കാറിന്റെ ബിൽ പാസാക്കുവാനുള്ള നിയമനിർമ്മാണപരമായ യോഗ്യതയില്ല എന്നതാ




**'സമരകേന്ദ്രങ്ങൾ ഉത്പാദന കേന്ദ്രങ്ങളാക്കി മാറ്റുക'** എന്ന മുദ്രാവാക്യവുമായി പ്ലാച്ചിമട സമരപന്തലിൽ സോപ്പ് നിർമ്മാണം ആരംഭിച്ചു. പ്ലാച്ചിമട സോപ്പുകൾ ആവശ്യമുള്ളവർ വിളിക്കുക : 8547698740, 9288181655

യിരുന്നു മറ്റൊരു തടസ്സമായി ഉന്നയിക്കപ്പെട്ടത്. അതും നിലനിൽക്കുന്ന വാദമല്ല. 1968 ൽ കേരള നിയമസഭ പാസാക്കിയ ഉത്തരവ് പ്രകാരം ഗാർഹികവും വ്യവസായികവുമായ അവശിഷ്ടങ്ങൾ മുഖേനയുള്ള ജലമലിനീകരണം തടയുന്നതിനാവശ്യമായ നിയമങ്ങൾ പാസാക്കുന്നതിനുള്ള അധികാരം പാർലമെന്റിന് കൊടുത്തിരുന്നു എന്നതാണ് പ്രശ്നം. എന്നാൽ അത് നിലനിൽക്കുന്ന വാദമല്ല. ഭരണഘടന പറയുന്ന, ലിസ്റ്റ് 2ൽ വരുന്ന വിഷയങ്ങളിൽ നിയമനിർമ്മാണം സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരത്തെ 1968ലെ ഉത്തരവ് ഇല്ലാതാക്കുന്നില്ല. അതുകൊണ്ടാണല്ലോ 2002ൽ കേരള ഗ്രൗണ്ട്വാട്ടർ ആക്ട് പാസാക്കാൻ നിയമസഭയ്ക്ക് കഴിഞ്ഞത്. പ്ലാച്ചിമട ട്രിബ്യൂണൽ നിയമത്തിന്റെ കാര്യവും സമാനമാണ്.

സംസ്ഥാനത്തിന്റെ പരിധിക്കുള്ളിൽ വരുന്ന വിഷയമായിരുന്നതിനാൽ ഗവർണർക്ക് ഒപ്പുവച്ച് നിയമം പാസാക്കാമായിരുന്നു. എന്നാൽ കേന്ദ്ര നിയമങ്ങളെ മറികടക്കുന്നുണ്ടോ എന്ന സംശയത്താൽ ഗവർണർ നിയമസഭ പാസാക്കിയ ബിൽ പ്രസിഡന്റിന്റെ അനുമതിക്കായി ഡൽഹിയിലേക്ക് അയച്ചു. കേന്ദ്ര ആഭ്യന്തരവകുപ്പ് വഴിയാണ് ബിൽ പ്രസിഡന്റിന്റെ അനുമതിക്കായി പോകേണ്ടത്. പി. ചിദംബരം മന്ത്രിയായിരിക്കുന്ന കാലത്താണ് ബിൽ ആഭ്യന്തര മന്ത്രാലയത്തിലെത്തുന്നത്. അദ്ദേഹം അത് പ്രസിഡന്റിന്റെ അടുത്തേക്ക് അയയ്ക്കുന്നതിന് പകരം ബില്ലിൽ പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലേക്കെല്ലാം അഭിപ്രായം ആരായുന്നതിനായി അയയ്ച്ചു. ഒരു മന്ത്രാലയവും ബില്ലിനെ എതിർത്തില്ല എന്നുമാത്രമല്ല, ബില്ല് കൂടുതൽ ശക്തിപ്പെടുത്തണമെന്ന് പോലും ആവശ്യപ്പെട്ടു. എന്നിട്ടും, തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് കൊക്കക്കോളുടെ അഭിഭാഷകനായ കെ.കെ. വേണുഗോപാൽ തയ്യാറാക്കിയ ഒരു നിയമോപദേശം ചിദംബരം കേരളത്തിലേക്ക് മറുപടിക്കായി അയയ്ക്കുകയായിരുന്നു. വസ്തുതകൾക്ക് നിരക്കാത്ത വാദങ്ങൾ നിരത്തിയ ആ നിയമോപദേശത്തിന് ശക്തമായ മറുപടി തന്നെയാണ് കേരള സർക്കാർ കൊടുത്തത്. സംസ്ഥാനത്തിനുള്ള നിയമപരമായ അവകാശത്തെക്കുറിച്ച് അതിൽ വ്യക്തമായി പറയുന്നുണ്ട്. ശരിക്കും മറ്റ് മന്ത്രാലയങ്ങൾ നൽകിയ മറുപടികൾ കൂടി കൂട്ടിച്ചേർത്ത് പ്രസിഡന്റിന്റെ അനുമതിക്കായി അയയ്ക്കുകയായിരുന്നു ആഭ്യന്തര മന്ത്രാലയം ചെയ്യേണ്ടിയിരുന്നത്. പ്രസിഡന്റ് അതിൽ ഒപ്പുവയ്ക്കുകയോ സംസ്ഥാനത്തിന്റെ പരിധിയിലാണ് എന്നതിനാൽ ഗവർണർക്ക് തിരികെയയ്ക്കുകയോ ആണ് വേണ്ടിയിരുന്നത്. അത് സംഭവിച്ചില്ല.

കൊക്കക്കോളയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ലോകത്തെമ്പാടും സമരങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ മാത്രമാണ് ഫാക്ടറി അടച്ചുപൂട്ടേണ്ടി വന്ന ചരിത്രമുള്ളത്. കൊക്കക്കോളയ്ക്കെതിരെ നടക്കുന്ന ആഗോള കാമ്പയിനിൽ പ്രധാനമായും രണ്ട് വിഷയങ്ങളാണ് ഉന്നയിക്കാറുള്ളത്. ഒന്ന്, പ്ലാച്ചിമട. രണ്ട്, കൊളംബിയയിലെ കൊക്കക്കോള ഫാക്ടറിലെ ട്രേഡ് യൂണിയൻ നേതാക്കൾ കൊല്ലപ്പെട്ട സംഭവം. യു.എസ്സിലും യു.കെയിലുമുള്ള പല യൂണിവേഴ്സിറ്റികളിലെയും വിദ്യാർത്ഥികൾ ഈ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് കൊക്കക്കോളയ്ക്കെതിരെ ശക്തമായ പ്രചരണം നടത്തിയിട്ടുണ്ട്. പല യൂണിവേഴ്സിറ്റികളിലും കൊക്കക്കോളയ്ക്ക് അവരുടെ വെൻഡിംഗ് മിഷീൻ കോൺട്രാക്ട് നഷ്ടമായി. അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് മിഷിഗണിൽ മൂന്ന് വർഷത്തേക്കാണ് കോൺട്രാക്ട് അവർക്ക് നഷ്ടമായത്. വിദ്യാർത്ഥികളും യൂണിവേഴ്സിറ്റി അധികൃതരും ഉൾപ്പെടുന്ന ഒരു സമിതിയാണ് വെൻഡിംഗ് മെഷീൻ കോൺട്രാക്ട് ആർക്കെല്ലാം നൽകണമെന്ന് തീരുമാനിക്കുന്നത്. വിദ്യാർത്ഥികൾ കൊക്കക്കോളയ്ക്കെതിരെ ശക്തമായ നിലപാടെടുത്തു. ഒരു മില്യൺ ഡോളറിന്റെ ബിസിനസ്സാണ് കോളയ്ക്ക് അതുവഴി നഷ്ടമായത്. പ്ലാച്ചിമടയാണ് അവിടങ്ങളിലെല്ലാം കോളയ്ക്കെതിരെ ഉപയോഗിക്കപ്പെട്ടത്. കോളയ്ക്കെതിരെ അന്താരാഷ്ട്ര തലത്തിൽ ഏറ്റവും കൂടുതൽ കാമ്പയിനുകൾ നടന്നത് വിദ്യാർത്ഥി സമൂഹത്തിന്റെ പക്ഷത്ത് നിന്നുമാണ്. പ്ലാച്ചിടയുടെ പേരിൽ പല കോളേജുകളിൽ നിന്നും കൊക്കക്കോള പുറത്താക്കപ്പെട്ടു. ഇത് നിങ്ങൾക്കും സാധ്യമാണ്. ■